# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

<u>2020 മാർച്ച് 20, വെള്ളി</u>

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി |
| പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി |

### വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്ന പ്രവർത്തനം

*391. ശ്രീ.രാജു എബ്രഹാം

,, എം. സ്വരാജ്

,, കെ. ബാബു

,, പി.വി. അൻവർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിനും നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും നടത്തുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനം പൂർത്തിയായോയെന്ന് അറിയിക്കുമോ;

(ബി) ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) സംയോജിത ഭൂവിവര വ്യവസ്ഥ (ഇൻറഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടം അറിയിക്കാമോ;

(ഡി) വില്ലേജ് ഓഫീസുകൾ മുതലുള്ള റവന്യൂ ഓഫീസുകളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച് പരാതി ഓൺലൈനായി സമർപ്പിക്കാനുള്ള R-MITRAM സംബന്ധിച്ച് വിശദമാക്കാമോ?

### പൊതുമരാമത്ത് വകുപ്പിലെ സോഷ്യൽ ഓഡിറ്റിംഗ്

*392. ശ്രീ.കെ.സി.ജോസഫ്

,, അനിൽ അക്കര

,, വി.ടി.ബൽറാം

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഏർപ്പെടുത്തിയ സോഷ്യൽ ഓഡിറ്റിംഗ് മുഖാന്തരം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദമാക്കാമോ;

(ബി) ഇതുമൂലം വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും നിർമ്മാണച്ചെലവിൽ കാര്യമായ കുറവുണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) വകുപ്പിലെ ചില എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധം വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതുമരാമത്ത് വകുപ്പിനെ ഒരു മാതൃകാ വകുപ്പാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>മത്സ്യക്ഷാമം കാരണമുള്ള ബുദ്ധിമുട്ടുകൾ</u>

*393. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, എൻ. ഷംസുദ്ദീൻ

,, സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്ഷാമം കാരണം മത്സ്യബന്ധന തൊഴിലാളി കുടുംബങ്ങൾ നിത്യവൃത്തിക്ക് വകയില്ലാതെ ബുദ്ധിമുട്ടിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇക്കാര്യത്തിൽ ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ</u>

*394. ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീമതി ഗീതാ ഗോപി

ശ്രീ.ജി.എസ്.ജയലാൽ

,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള വികേന്ദ്രീകൃതവും വ്യക്ത്യധിഷ്ഠിതവുമായ ഇടപെടലുകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, അനാഥരായ കുട്ടികൾ, മാതാപിതാക്കളാൽ പീഡിപ്പിക്കപ്പെട്ട കുട്ടികൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകി അവരുടെ വികാസത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം കുട്ടികളുടെ സാമൂഹ്യ, സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടുന്നതിനുള്ള പ്രത്യേക പരിശീലനം അദ്ധ്യാപകർക്ക് നൽകുമോ; വ്യക്തമാക്കുമോ;

(ഡി) ഗണിതശാസ്ത്രത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിന്റെ ഭാഗമായി ഈ ശാസ്ത്രശാഖയിൽ അടിസ്ഥാനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളുടെ കാര്യത്തിൽ പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>സർക്കാർ ഭൂമി സംബന്ധിച്ച വിവരശേഖരണം</u>

*395. ശ്രീ.എസ്.രാജേന്ദ്രൻ

,, പി.ടി.എ. റഹീം

,, കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിറ്റഴിക്കാനോ അന്യാധീനപ്പെടുത്താനോ തീരുമാനിച്ച ഇത്തരം വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും മോണിട്ടറിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

<u>പാഠം ഒന്ന് പാടത്തേക്ക് പദ്ധതി</u>

*396. ശ്രീ.എം. രാജഗോപാലൻ

,, സി.കൃഷ്ണൻ

,, യു. ആർ. പ്രദീപ്

,, ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിൽ നാട്ടറിവുകളും കാർഷിക സംസ്കൃതിയും പകർന്ന് നൽകുന്നതിന്റെ ഭാഗമായി 'പാഠം ഒന്ന് പാടത്തേക്ക്' പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) കുട്ടികൾക്ക് നേർ അനുഭവങ്ങളിലൂടെ സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നതിന് പ്രാപ്തി നേടാനും കുട്ടികളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും ശാസ്ത്രബോധവും സൃഷ്ടിക്കുന്നതിനും പരിപാടിയുണ്ടോ;

(സി) കണക്ക്, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾ ക്ലാസ് മുറിയ്ക്ക് പുറത്തുള്ള പഠന പ്രവർത്തനങ്ങളിലൂടെ രസകരമാക്കി പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പഠനം

നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>കശുവണ്ടി വ്യവസായ പുനരുദ്ധാരണം</u>

*397. ശ്രീ.കെ.യു. ജനീഷ് കുമാർ

,, സജി ചെറിയാൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്കേഴ്സ് സമിതിയുമായി നടത്തിയ ചർച്ചയിൽ വായ്പ കുടിശികയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം നൽകണമെന്ന ആവശ്യത്തോട് ബാങ്കുകൾ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ; വായ്പാ പലിശക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ;

(ബി) കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജിനെക്കുറിച്ച് അറിയിക്കാമോ; ഇതിന്റെ ഫലമായി എത്ര സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാനിടയായെന്ന് അറിയിക്കാമോ;

(സി) രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളുടെയും കുടിവറുപ്പുശാലകളുടെയും പ്രവർത്തനം നിയന്ത്രിക്കാനായിട്ടുണ്ടോ;

(ഡി) തോട്ടണ്ടി ക്ഷാമത്തിന് പരിഹാരം കാണുന്നതിന് കാഷ്യുബോർഡിന്റെ പ്രവർത്തനം ശക്തീകരിക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ആരാധനാലയങ്ങൾക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിന് നടപടി</u>

*398. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെ കൈവശമുള്ള രേഖയില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥകൾ പ്രകാരമോ ആരാധനാലയങ്ങളുടെ കൈവശ ഭൂമി അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ വിവേചനാധികാരം ഉപയോഗിച്ച് പതിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രത്യേക നിയമ നിർമ്മാണമോ ചട്ടഭേദഗതിയോ കൊണ്ടുവന്ന് ഭൂമി ആരാധനാലയങ്ങൾക്ക് തന്നെ തിരിച്ചു നൽകുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കാൻ പാടില്ലായെന്നും കൈമാറ്റം ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥയുണ്ടോ;

(ഇ) ഈ ഭൂമിയിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ആവശ്യത്തിന് കെട്ടിടം പണിയുന്നതിന്

തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരം ഭൂമി പാട്ടത്തിന് ലഭിച്ചതാണെങ്കിൽ പുതുക്കി നൽകുമോയെന്ന് അറിയിക്കാമോ?

<u>നൂതന റോഡുനിർമ്മാണ രീതികൾ</u>

*399. ശ്രീ.ജെയിംസ് മാത്യു

,, വി. കെ. സി. മമ്മത് കോയ

,, ആർ. രാജേഷ്

,, ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിതീവ്ര പ്രളയം സൃഷ്ടിച്ച കെടുതി അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ദൈർഘ്യം ഗണ്യമായി വിപുലീകരിക്കുന്നതിനും ഗുണനിലവാരം മികച്ചതാക്കുന്നതിനും സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘകാലം ഈടുനിൽക്കുന്നതും അപകട സാധ്യത കുറഞ്ഞതും കാൽനടക്കാർക്കും ഇരുചക്രവാഹനങ്ങൾക്കും ഉൾപ്പെടെ സുരക്ഷിത സഞ്ചാരപാതയൊരുക്കിക്കൊണ്ടുള്ളതുമായ ഡിസൈൻഡ് റോഡുകളുടെ നിർമ്മാണത്തിന് രൂപരേഖ ആയിട്ടുണ്ടോ;

(സി) റബ്ബർ മിശ്രിതം, പ്ലാസ്റ്റിക് വേസ്റ്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും അത്യാധുനിക നിർമ്മാണരീതി പ്രായോഗികമാക്കുന്നതിനും പദ്ധതിയുണ്ടോ;

(ഡി) ഉദ്യോഗസ്ഥർക്കും കരാറുകാർക്കും നൂതന സാങ്കേതികവിദ്യകളും നിർമ്മാണ രീതികളും പരിചിതമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>രജിസ്ട്രേഷൻ വകുപ്പിൽ ഏർപ്പെടുത്തിയ സേവനങ്ങൾ</u>

*400. ശ്രീ.എ.പി. അനിൽ കുമാർ

,, അനിൽ അക്കര

,, അൻവർ സാദത്ത്

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പുതിയ സേവനങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ വരുത്തിയ പുതിയ പരിഷ്കാരങ്ങൾ മൂലം ഇടനിലക്കാരുടെ ഇടപെടലിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം</u>

*401. ശ്രീ.കെ. ദാസൻ

,, എസ്.ശർമ്മ

,, കെ. ആൻസലൻ

,, എം. നൗഷാദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് കേരളീയരുടെ രക്ഷാസൈന്യമായി വർത്തിച്ച മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുമെന്ന സർക്കാർ വാഗ്ദാനം പാലിച്ചുകൊണ്ട് അവർക്കായി സുരക്ഷിത ഭവനമൊരുക്കുന്ന പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുണ്ടോ; പദ്ധതിക്കായി എത്ര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുൾപ്പെടെ നൽകുമെന്ന് അറിയിക്കാമോ; എത്ര വീടുകളുടെ നിർമ്മാണമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പുനർഗേഹം പദ്ധതിയോടൊപ്പം അവരുടെ തൊഴിൽ സൗകര്യങ്ങൾ നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കടലാക്രമണത്തിൽ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയെല്ലാം പുനരധിവസിപ്പിക്കാൻ നടപടിയെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

<u>കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി</u>

*402. ശ്രീ.കെ.എം.ഷാജി

,, കെ.എൻ.എ ഖാദർ

,, അബ്ദുൽ ഹമീദ് പി.

ഡോ.എം. കെ. മുനീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യങ്ങൾക്ക് ആവാസ വ്യവസ്ഥയൊരുക്കുവാനുള്ള കൃത്രിമപാരുകൾ നിക്ഷേപിക്കുന്ന പദ്ധതി സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം കൃത്രിമ പാര് എവിടെയൊക്കെയാണ് നിക്ഷേപിച്ചതെന്നും ഇതിനായി എത്ര തുക ഏത് ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ;

(സി) കൃത്രിമ പാരുകൾ നിക്ഷേപിക്കുന്നതിനായി ചുമതലപ്പെടുത്തിയത് ഏത് ഏജൻസിയെയാണ്; വ്യക്തമാക്കുമോ?

<u>വരൾച്ചയെ നേരിടാനുള്ള തയ്യാറെടുപ്പ്</u>

*403. ശ്രീ.പി. ഉണ്ണി

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.വിജയദാസ്

,, സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷം ആവർത്തിച്ച കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ, ഈ വർഷം വേനൽ ആരംഭത്തിൽത്തന്നെ ശരാശരിയിലും വർദ്ധിച്ച തോതിലുള്ള താപനില കണക്കിലെടുത്ത് വരൾച്ചയെ

നേരിടാൻ തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കാലാവസ്ഥ പ്രവചനം കൂടുതൽ കൃത്യതയാർന്നതാക്കുന്നതിന് ആധുനികോപകരണങ്ങൾ ഏർപ്പെടുത്തി നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ രണ്ടു വർഷം വരൾച്ചയുടെ ഫലമായുണ്ടായ വിളനാശം എത്രയായിരുന്നു; കേന്ദ്ര സർക്കാർ എത്ര ധനസഹായം ലഭ്യമാക്കിയെന്ന് അറിയിക്കാമോ?

<u>രാസവസ്തുക്കൾ ചേർത്ത മത്സ്യത്തിന്റെ പരിശോധന</u>

*404. ശ്രീ.സജി ചെറിയാൻ

,, ജെയിംസ് മാത്യു

,, ബി.സത്യൻ

,, എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപനയ്ക്കെത്തുന്ന മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെങ്കിൽ അവ പൊതുജനങ്ങൾക്ക് പരിശോധിച്ച് മനസ്സിലാക്കുന്നതിനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പരിശോധനയ്ക്കായുള്ള ഒരു കിറ്റിന് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും സംസ്ഥാനത്തൊട്ടാകെ ഇത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

*405. ശ്രീ.കോവൂർ കുഞ്ഞുമോൻ

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സർക്കാർ നടപ്പിലാക്കിയ സമഗ്രപദ്ധതികൾ വിശദീകരിക്കുമോ;

(ബി) വരുന്ന സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ നടപ്പിലാക്കുവാൻ വിഭാവനം ചെയ്യുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>മലയോര ഹൈവേയുടെ നിർമ്മാണം</u>

*406. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.എം.ഉമ്മർ

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണം പല സ്ഥലങ്ങളിലും മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഭാഗങ്ങളിലാണ് നിർമ്മാണം മുടങ്ങിക്കിടക്കുന്നത്; നിർമ്മാണം മുടങ്ങുവാനുണ്ടായ കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് നടപടി

*407. ശ്രീ.കെ. ആൻസലൻ

,, എസ്.ശർമ്മ

,, സി.കൃഷ്ണൻ

,, വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ ആഗോളവ്യാപകമായി സമുദ്ര മത്സ്യസമ്പത്ത് കുറഞ്ഞുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പിടിച്ചെടുക്കാവുന്ന മത്സ്യയിനങ്ങളുടെ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച ഊർജ്ജിത നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യോല്പാദനത്തിൽ മുൻവർഷങ്ങളിലേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകൾ

*408. ശ്രീ.ഇ.കെ.വിജയൻ

,, സി. ദിവാകരൻ

,, ചിറ്റയം ഗോപകുമാർ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ എത്ര ശതമാനം റോഡുകളാണ് പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വിഭാഗത്തിന്റെ കീഴിൽ പരിപാലിച്ചുവരുന്നത് എന്നറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വാഹനഗതാഗതത്തിന്റെ സിംഹഭാഗവും പ്രസ്തുത വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിലൂടെയാണോ എന്നറിയിക്കുമോ;

(സി) ഈ വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ സുരക്ഷിതാവസ്ഥയിൽ അല്ലാത്ത കലുങ്കുകൾ

ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുനർനിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിലുള്ള പാലങ്ങളുടെ പുനർനിർമ്മാണത്തിനായി പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

*409. ശ്രീ.പി.ടി. തോമസ്

,, വി.ഡി.സതീശൻ

,, അനൂപ് ജേക്കബ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും എന്തെല്ലാം നടപടികൾ ഇതേവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>വിഷരഹിത മത്സ്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ</u>

*410. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് വിഷരഹിത മത്സ്യം ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) കടൽക്കരയിൽ തന്നെ മത്സ്യസംസ്കരണ വിതരണ പ്ലാന്റുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ, മിൽമ പാൽവിതരണം നടത്തുന്ന മാതൃകയിൽ, സർക്കാർ തന്നെ നേരിട്ട് ജനങ്ങളിലേക്ക് മത്സ്യം എത്തിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിക്കാൻ തയ്യാറാവുമോ; അതേക്കുറിച്ച് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിനോ നിലവിലുള്ളവയെ വികസിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദീകരിക്കാമോ?

<u>കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഗുണനിലവാരം</u>

*411. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ പാലങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; അപകടാവസ്ഥയിലുള്ള പാലങ്ങളിൽ ഇരുപത്തി അഞ്ച് വർഷത്തിന് താഴെ കാലപ്പഴക്കമുള്ള പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മിതികൾക്ക് കുറഞ്ഞത് നൂറ് വർഷമെങ്കിലും കേടുപാടുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും അതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കുന്നതിനും എന്തെങ്കിലും പുതിയ നിയമനിർമ്മാണം ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

<u>കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി</u>

*412. ശ്രീ.വി.ടി.ബൽറാം

,, വി.പി.സജീന്ദ്രൻ

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിന് വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) കശുവണ്ടി സംഭരണത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>കരിങ്കൽ ക്വാറികൾക്ക് എൻ.ഒ.സി. നല്കുന്നതിനുള്ള വ്യവസ്ഥകൾ</u>

*413. ശ്രീ.അബ്ദുൽ ഹമീദ് പി.

,, പാറക്കൽ അബ്ദുല്ല

,, പി.കെ.ബഷീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിങ്കൽ ക്വാറികൾക്ക് എൻ.ഒ.സി. നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) കരിങ്കൽ ക്വാറികൾ തുടങ്ങുന്നതിന് ഒരേ പ്രദേശത്തുനിന്ന് ഒന്നിലേറെ അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസ് ഫോർ ഇഷ്യൂയിംഗ് എൻ.ഒ.സി. ഫോർ ക്വാറിയിംഗ് ആക്ടിവിറ്റീസ്-2020 എന്ന പേരിൽ പുതുതായി ചട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സ്വകാര്യ മേഖലയിലെ പ്രീ പ്രൈമറി വിദ്യാഭ്യാസം

*414. ശ്രീ.മുരളി പെരുനെല്ലി

,, ജോൺ ഫെർണാണ്ടസ്

,, കാരാട്ട് റസാഖ്

,, വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്കളുടെ ആശയവിനിമയ പ്രോത്സാഹനത്തിനും സാമൂഹിക-വൈകാരിക വികാസത്തിനും ഉതകുന്ന ശാസ്ത്രീയ രീതികൾ അവലംബിക്കാതെ കിന്റർ ഗാർട്ടൻ, പ്രീ കിന്റർ ഗാർട്ടൻ തുടങ്ങിയ പേരുകളിൽ ധനാഗമത്തിന് മാത്രം പ്രാധാന്യം നൽകി ശിശുവികാസത്തിന് ഹാനി സൃഷ്ടിക്കുന്ന സ്വകാര്യ മേഖലയുടെ പ്രീ സ്കൂൾ രീതി അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രീ സ്കൂളുകളിൽ എഴുത്ത്, വാചിക പരീക്ഷകൾ പാടില്ലെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അങ്കണവാടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രീ പ്രൈമറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എസ്.സി.ഇ.ആർ.ടി. ഇത് സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## അശാസ്ത്രീയ മത്സ്യബന്ധനത്തിനെതിരായ നടപടികൾ

*415. ശ്രീ.കെ.ജെ. മാക്സി

,, കെ.കുഞ്ഞിരാമൻ

,, വി. ജോയി

ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യസമ്പത്തിൽ ഗണ്യമായ കുറവുണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെറുമീനുകളെ പിടിക്കുന്നത് അവസാനിപ്പിക്കാനായി സംസ്ഥാന സർക്കാർ കടൽമത്സ്യബന്ധന നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ കർശന നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ഫലമായി 2017-ൽ ഉണ്ടായെന്ന് കണക്കാക്കപ്പെടുന്ന നഷ്ടം അഞ്ഞൂറ് കോടി രൂപയോളമായിരുന്നത് നിയമം കർക്കശമാക്കിയതിനെത്തുടർന്ന് കുറവു വരുത്താനായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവസാനിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളികളെ

ബോധവൽക്കരിക്കുന്നതിന് പരിപാടിയുണ്ടോ; വിവിധ തലങ്ങളിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കൗൺസിലുകൾ വഴി ഇക്കാര്യത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം അറിയിക്കാമോ?

<u>കശുവണ്ടി ശേഖരണത്തിന് സ്വീകരിച്ച നടപടികൾ</u>

*416. ശ്രീ.എം. നൗഷാദ്

,, ജോൺ ഫെർണാണ്ടസ്

,, എം. രാജഗോപാലൻ

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം തോട്ടണ്ടി ക്ഷാമമായതിനാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖരിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിന് രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് നിലവിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നാണ് കശുവണ്ടി ഇറക്കുമതി ചെയ്യുന്നത്; വിശദാംശം നൽകുമോ;

(സി) കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം കശുമാവിന്റെ ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഹൈടെക് ക്ലാസ് മുറികളിലെ ഫലപ്രദമായ ഡിജിറ്റൽ സാങ്കേതികവിദ്യ</u>

*417. ശ്രീ.എ. പ്രദീപ്കുമാർ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ.ഡി. പ്രസേനൻ

,, സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കി മാറ്റിയതിനെത്തുടർന്ന് സാങ്കേതികവിദ്യാധിഷ്ഠിത ക്ലാസ് മുറികളെ അക്കാദമിക മികവിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപകർക്ക് വേണ്ട പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) അനുയോജ്യമായ ഡിജിറ്റൽ പഠനവിഭവങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; ഇവ അധ്യാപകർ ഫലപ്രദമായി വിനിയോഗിക്കുന്നെന്ന് ഉറപ്പുവരുത്താൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് എല്ലാ സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനവും അതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും അറിയിക്കാമോ?

## റോഡ്, പാലം മേഖലകളിലെ സമഗ്ര പദ്ധതികൾ

*418. ശ്രീ.കെ.ബി.ഗണേഷ് കുമാർ

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനും നവീകരണത്തിനും ഈ സർക്കാർ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞ സമഗ്ര പദ്ധതികൾ വിശദീകരിക്കുമോ;

(ബി) വരുന്ന സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്യുന്ന സംസ്ഥാനതല പ്രാധാന്യമുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

*419. ശ്രീമതിഷാനിമോൾ ഉസ്മാൻ

ശ്രീ.ടി.ജെ. വിനോദ്

,, എം. വിൻസെന്റ്

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളുമാണ് ഈ മേഖലയിൽ അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

*420. ശ്രീ.ചിറ്റയം ഗോപകുമാർ

,, മുല്ലക്കര രത്നാകരൻ

,, ആർ. രാമചന്ദ്രൻ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര വില്ലേജുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് ശൃംഖലയിലേക്ക് എത്തിച്ചുവെന്നറിയിക്കുമോ;

(സി) എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനാണ് 2020-21 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് നൽകുന്നതെന്നും അടിസ്ഥാന സൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുന്നതെന്നും അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
11-03-2020

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].